**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5126 — 27.06.2019 ൽ മറുപടിക്ക്

## രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന പദ്ധതി

| ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ), (ബി), (സി) & (ഡി) | രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന (ആർ.എസ്.ബി.വൈ) പദ്ധതി വഴി ഒരു കുടുംബത്തിലെ അഞ്ചുപേർക്ക് ഒരു വർഷം പരമാവധി മുപ്പതിനായിരം രൂപ വരെ ചികിത്സ നൽകുന്ന പദ്ധതിയാണ് ആർ എസ് ബി വൈ. പ്രസ്തുത പദ്ധതി തിരഞ്ഞെടുത്ത സർക്കാർ/ സ്വകാര്യ/സഹകരണ ആശുപത്രികൾ വഴി സംസ്ഥാനത്തു നടപ്പിലാക്കിയിരുന്നു. ടി പദ്ധതിയിൽ കേന്ദ്ര സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കാത്തവർക്കായി സംസ്ഥാന സർക്കാർ ചിസ് എന്ന പദ്ധതി രൂപികരിച്ചു ആർ എസ് ബി വൈ പദ്ധതിയുടെ ആനുകൂല്യം വ്യാപിപ്പിച്ചിരുന്നു. ചിസ് പദ്ധതിയിൽ അംഗമായവരുടെ പ്രീമിയം തുക പൂർണമായും സംസ്ഥാന സർക്കാർ വഹിച്ചിരുന്നു. എന്നാൽ ടി പദ്ധതി 2019 മാർച്ച് 31 ന് അവസാനിക്കുകയും ഇതിന്റെ സ്ഥാനത്ത് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) നിലവിൽ വരികയുമുണ്ടായി. കേന്ദ്ര സർക്കാർ ടി പദ്ധതി നിർത്തലാക്കിയതും പുതിയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി അവതരിപ്പിച്ചതിനാലുമാണ് ആർ.എസ്.ബി. വൈ. പദ്ധതി 2019, മാർച്ചിൽ 31 ന് സംസ്ഥാനത്തു സമാപിച്ചത്.<br>ആർ.എസ്.ബി.വൈ/ ചിസ് പദ്ധതി സംസ്ഥാനത്ത് നിർത്തലാക്കുന്ന ഘട്ടത്തിൽ 2157472 കുടുംബങ്ങൾ ആർ എസ് ബി വൈ പദ്ധതിയിലും 1938989 കുടുംബങ്ങൾ ചിസ് പദ്ധതിയിലും അംഗങ്ങൾ ആയിരുന്നു. |
| (ബി) | പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് എത്ര ഗുണഭോക്താക്കൾ നിലവിലുണ്ട്; | | |
| (സി) | ഇതിന്റെ ഭാഗമായുള്ള തിരിച്ചറിയൽ കാർഡ് വിതരണം സുഗമമായി നടത്തുവാൻ സാധിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (ഡി) | ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന ചികിത്സ, പരമാവധി അനുവദിക്കാവുന്ന തുക, ചികിത്സ ലഭിക്കുന്ന ആശുപത്രികളുടെ വിവരം എന്നിവ ലഭ്യമാക്കാമോ; | | |
| (ഇ) | പ്രസ്തുത പദ്ധതിയിലൂടെ സ്വകാര്യ ആശുപത്രികൾക്കടക്കം ചെലവായ തുക നൽകുന്നതിന് തടസ്സം നേരിട്ടിട്ടുണ്ടോ; അറിയിക്കുമോ; | (ഇ) | ആശുപത്രികൾക്ക ക്ലെയിം ഇനത്തിൽ ലഭിക്കേണ്ട തുക, ക്ലെയിം ഉണ്ടായതിനു ശേഷം മുപ്പതു ദിവസത്തിനകം തീർപ്പു കല്പിക്കുന്നതിനാണ് ഇൻഷ്വറൻസ് കമ്പനിയും ആശുപത്രിയും തമ്മിലുള്ള ധാരണ പത്രം പ്രകാരം ചെയ്യേണ്ടത്. ഏതെങ്കിലും ക്ലെയിം |

| | | | |
|---|---|---|---|
| | | | ഇൻഷുറൻസ് കമ്പനി നിരാകരിച്ചിട്ടുണ്ടാകിൽ ആശുപത്രികളും ജില്ലാ തല പരാതി പരിഹാര കമ്മിറ്റിയിലോ സംസ്ഥാന തല പരാതി പരിഹാര കമ്മിറ്റിയിലോ സമീപിച്ച് തീർപ്പു കലിപ്പിക്കാവുന്നതാണ്. |
| (എഫ്) | നാളിതുവരെ ഈ ഇനത്തിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | (എഫ്) | ആർ.എസ്.ബി.വൈ/ ചിസ് പദ്ധതിക്കായി ഇൻഷുറൻസ് പ്രീമിയം ഇനത്തിൽ സർക്കാർ ചിലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| വർഷം | കേന്ദ്ര സംസ്ഥാന വിഹിതത്തിന്റെ അനുപാതം | പ്രീമിയം നൽകിയത് (കോടി രൂപയിൽ) | | |
|---|---|---|---|---|
| | | കേന്ദ്രം | സംസ്ഥാനം | മൊത്തം |
| 2008-10 | 75:25 | 42.00 | 9.00 | 51.00 |
| 2010-11 | 75:25 | 43.00 | 37.00 | 80.00 |
| 2011-12 | 75:25 | 66.00 | 139.00 | 205.00 |
| 2012-13 | 75:25 | 129.00 | 181.00 | 310.00 |
| 2013-14 | 75:25 | 111.00 | 108.00 | 219.00 |
| 2014-15 | 75:25 | 115.00 | 121.00 | 236.00 |
| 2015-16 | 75:25 | 102.70 | 114.00 | 216.70 |
| 2016-17 | 60:40 | 67.43 | 99.60 | 167.03 |
| 2017-18 | 60:40 | 83.39 | 172.50 | 255.89 |
| 2018-19 | 60:40 | 86.90 | 215.91 | 302.81 |

സെക്ഷൻ ഓഫീസർ